# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

കിഴക്കഞ്ചേരി ഗ്രാമപഞ്ചായത്ത്

2015-16

ഓഡിറ്റ് റിപ്പോർട്ട്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

പാലക്കാട് ജില്ലാ ഓഡിറ്റ് കാര്യാലയം

e-mail:-dopkd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ടു സഹിതം)

നം.കെ.എസ്.എ.പി.കെ.ഡി.10/2301/16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്

ഇ-മെയിൽ -dopkd.ksad@kerala.gov.in

വെബ്-www.lfa.kerala.gov.in

തീയതി- 28/12/2016

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

കിഴക്കഞ്ചേരി ഗ്രാമ പഞ്ചായത്ത്.

സർ,

വിഷയം : കിഴക്കഞ്ചേരി ഗ്രാമപഞ്ചായത്ത് - 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

****************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കിഴക്കഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2015-16സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികകളിലേയ്ക്കും ഭാഗം 3ലെ ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാന ത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997-ലെ കേരളാ പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :-

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ,തിരുവനന്തപുരം(ഇ-മെയിൽ മുഖേന)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.പി.കെ.ഡി.10/2301/16 തിയ്യതി: 28/12/2016

## പാലക്കാട് ജില്ലയിലെ കിഴക്കഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ കിഴക്കഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2015-16സാമ്പത്തിക വർഷത്തെ ഭരണവും സാമ്പത്തിക നിയന്ത്രണങ്ങളും സംബന്ധിച്ച കാര്യങ്ങളും ധനകാര്യപത്രികയും ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ഗ്രാമപഞ്ചായത്തിന്റെ 5.10.2016 തിയ്യതി വരെയുള്ള വരവ് ചെലവ് കണക്കുകളുടെ വിശദമായ പരിശോധന പെർഫോമൻസ് ഓഡിറ്റ് വിഭാഗം പരിശോധിച്ചിട്ടുണ്ട്. പഞ്ചായത്ത് 8.8.15 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയിൽ പ്രസക്തമായ അപാകതകൊളാന്നും റിപ്പോർട്ട് ചെയ്യിട്ടില്ലാത്തതിനാൽ താഴെ പറയുന്ന രശീതികളുടെ പരിശോധനയും സെപ്തംബർ മാസത്തെ വിവിധ അക്കൌണ്ടുകളിലെ പിൻവലിക്കലുകളും മാത്രമാണ് ഓഡിറ്റിൽ പരിശോധിച്ചിട്ടുള്ളത്.

| പരിശോധിച്ച രശീതികൾ (മാന്വൽ) | ഉപയോഗിച്ച ആകെ രശീതികളുടെ എണ്ണം. (മാന്വൽ) |
|---|---|
| 4 | 4 |

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയതിന് ലഭ്യമായ മറുപടി പരിഗണിച്ച ശേഷം നില നിൽക്കുന്ന പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകൾ/ രേഖകൾ/ വിവരങ്ങൾ/വിശദീകരണം കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിൽ നിർദ്ദേശിച്ച പ്രകാരമുള്ള പെർഫോമൻസ് ഓഡിറ്റിൽ പരിശോധനയ്ക്ക് വിധേയമാക്കിയ വിവരങ്ങൾ/ഓഡിറ്റ് റിപ്പോർട്ട്/ഗ്രാമപഞ്ചായത്തിൻെറ തീരുമാനം എന്നിവയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരി ക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യ ത്തിൽ ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

ഓഡിറ്റ് നടത്തിയതിൻെറ വിവരം നിർവ്വഹണാധികാരികൾ എന്നിവ സംബന്ധിച്ച പത്രിക (2015-16)

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.കെ.എൻ.വാസുദേവൻ ഡെപ്യൂട്ടി ഡയറക്ടർ |

| | |
|---|---|
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 9.11.2016 മുതൽ 18.11.2016 വരെ |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| ക്രമ നം | പേര് | ഉദ്യോഗപ്പേര് |
|---|---|---|
| 1 | സുജാത.പി. | ഓഡിറ്റ് ഓഫീസർ |
| 2 | മുഹമ്മദ് ഫാറൂഖ്.കെ.പി. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| 3 | സുജാത.എ. | സീനിയർ ഗ്രേഡ് ഓഡിറ്റർ |

<u>നിർവ്വഹണാധികാരികൾ</u>

<u>പ്രസിഡണ്ട്</u>

ശ്രീ.ബാലൻ.കെ 1.4.2015 മുതൽ 18.11.2015 വരെ

ശ്രീമതി.കവിത മാധവൻ 19.11.2015 മുതൽ 31.3.3016വരെ

<u>സെക്രട്ടറി</u>

ശ്രീ.ടി.കണ്ണൻ - 1.4.15 മുതൽ 30.11.15 FNവരെ

ശ്രീമതി.കെ.രാധിക - 30.11.15 AN മുതൽ 31.3.16 വരെ

(സെക്രട്ടറി ഇൻ ചാർജ്)

മറ്റ് നിർവ്വഹണോദ്യോഗസ്ഥർ

| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
|---|---|---|
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| കൃഷി ഓഫീസർ | ശ്രീ.കെ.എം.റസൂൽ ഹാരിസ് | 1.4.15 മുതൽ 31.3.16 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി.പ്രസീജ.ആർ. | 1.4.15 മുതൽ 15.5.15 FN വരെ |
| | എം.ഡി.യേശുദേവൻ | 15.5.15 AN മുതൽ 30.5.15 വരെ |
| | എം.കെ.റോയ് | 1.6.15 മുതൽ 31.3.16 വരെ |
| പ്രധാനാദ്ധ്യാപിക, GLPS, കിഴക്കഞ്ചേരി | ശ്രീമതി.ചിന്നമ്മ | 1.4.15 മുതൽ 31.3.16 വരെ |
| വി.ഇ.ഒ. | ശ്രീ.സലീം.എം.കെ | 1.4.15 മുതൽ 31.3.16 വരെ |
| ഐ.സി.ഡി എസ് സൂപ്പർവൈസർ | ശ്രീമതി.ജയശ്രീ.ജി | 1.4.15 മുതൽ 31.3.16 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.ജി.അനിൽകുമാർ | 1.4.15 മുതൽ 22.8.15 FN വരെ |

| | | |
|---|---|---|
| | കെ. രാധിക | 22.8.15 AN മുതൽ 31.3.16 വരെ |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | ഡോ.ഷീന സ്റ്റാർലിൻ | 1.4.15 മുതൽ 31.3.16 വരെ |
| മെഡിക്കൽ ഓഫീസർ, ആയുർവേദം | ഡോ.ധന്യ മാധവ് | 1.4.15 മുതൽ 31.3.16 വരെ |
| മെഡിക്കൽ ഓഫീസർ, ഹോമിയോ | ഡോ.നിധിൻ പോൾ | 1.4.15 മുതൽ 23.5.15 FN വരെ |
| | ഡോ. ഷരീഫ ബീഗം | 23.5.15 AN മുതൽ 24.8.15 FN വരെ |
| | ഡോ.നിധിൻ പോൾ | 24.8.15 AN മുതൽ 31.3.16 വരെ |
| വെറ്ററിനറി സർജൻ | ഡോ.സി.വി.സജിത്കുമാർ | 1.4.15 മുതൽ 31.3.16 വരെ |

ഉള്ളടക്കം

ഭാഗം 1

ഭരണവും സാമ്പത്തിക നിയന്ത്രണവും സംബന്ധിച്ച കാര്യങ്ങളുടെ പൊതു അവലോകനം.


| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | ബജറ്റ് | 1(1) | |
| 2 | വാർഷിക ധനകാര്യപത്രിക | 1(2) | |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം. | 1(3) | |
| 4 | സാമ്പത്തിക വിശകലനം | 1(4) | |
| 5 | ഫണ്ട് വിനിയോഗം | 1(5) | |
| 6 | പദ്ധതി അവലോകനം | 1(6) | |
| 7 | തനത് വരുമാനം | 1(7) | |
| 8 | ക്ഷേമപദ്ധതികൾ | 1(8) | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1(9) | |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1(10) | |


ഭാഗം-II

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 14-ാം വകുപ്പ്, കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 19 (1)1996 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 13, എന്നിവ പ്രകാരമുള്ള പരിശോധനയിൽ വരവിനങ്ങളിൻമേലുള്ള ഓഡിറ്റ്

പരാമർശങ്ങൾ.

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | വസ്തുനികുതി ഡിമാന്റ് അരിയർ ഡിമാന്റ് രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിക്കുന്നില്ല. | 2(1) |
| 2 | ഡി& ഒ ലൈസൻസ് ഫീസ് -വാർഡ് തിരിച്ചുള്ള ട്രേഡേഴ്സ് ലിസ്റ്റ് സൂക്ഷിച്ചിട്ടില്ല | 2(2) |
| 3 | റെഗുലറൈസേഷൻ ഫീസ് ഈടാക്കിയതിൽ കുറവ് | 2(3) |
| 4 | പാർപ്പിടാവശ്യത്തിനായി വസ്തുനികുതി നിർണയിച്ചിട്ടുള്ള കെട്ടിടങ്ങൾ വ്യാവസായികാവശ്യത്തിന് ഉപയോഗിക്കുന്നു. | 2(4) |
| 5 | കൊമേഴ്സ്യൽ ബിൽഡിംഗുകളുടെ ഷട്ടറുകൾക്ക് ഷട്ടർ ഫീസ് ഈടാക്കുന്നില്ല | 2(5) |
| 6 | തൊഴിൽനികുതി പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ | 2(6) |
| 7 | ആവശ്യമായ നിരാക്ഷേപ സർട്ടിഫിക്കറ്റുകളുടെ അഭാവത്തിൽ ഡി&ഒ ലൈസൻസ് നൽകി | 2(7) |

ഭാഗം-III

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 14-ാം വകുപ്പ്, കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 19 (2)1996 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ) ചട്ടങ്ങളിലെ ചട്ടം 13, എന്നിവ പ്രകാരമുള്ള പരിശോധനയിൽ കണ്ടെത്തിയ ചെലവിനങ്ങളിൻമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ.

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | 2015-2016 സാമ്പത്തിക വർഷത്തിൽ ഹെഡ് മാസ്റ്റർ നിർവ്വഹിച്ച പ്രൊജക്റ്റുകൾ- രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല- 77000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 3(1) | |
| 2 | പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കണം | 3(2) | |
| 3 | തൊഴുത്ത് നിർമാണം- വെറ്ററിനറി സർജൻ നടപ്പിലാക്കിയ പദ്ധതി- സബ്സിഡി മാർഗ്ഗ നിർദ്ദേശങ്ങൾപാലിക്കുന്നുവെന്നുറപ്പു വരുത്തണം | 3(3) | |
| 4 | അസി. സെക്രട്ടറി നടപ്പിലാക്കിയ വിവിധ പദ്ധതികൾ- വിനിയോഗ സാക്ഷ്യ പത്രം ഹാജരാക്കണം. | 3(4) | |
| 5 | ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ പദ്ധതി- നാളിതുവരെ മരുന്നുകൾ, ലഭ്യമായിട്ടില്ല | 3(5) | |
| 6 | മീഡിയാശ്രീ- കുടുംബശ്രീ മിഷന് കൈമാറിയത് 65000 രൂപ- പ്രൊജക്റ്റ് ലക്ഷ്യംപൂർത്തീകരിച്ചിട്ടില്ല. | 3(6) | |

| | | | |
|---|---|---|---|
| 7 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ് | 3(7) | |
| 8 | പാലിയേറ്റീവ് പരിചരണം പദ്ധതി - മരുന്നുകൾ ലഭ്യമായിട്ടില്ല. | 3(8) | |
| 9 | ആശ്രയ പദ്ധതിഅവലോകനം | 3(9) | |

ഭാഗം-IV

ഓഡിറ്റ് പ്രത്യവലോകനം

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4(1) | |
| 2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകകൾ | 4(2) | |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4(3) | |
| 4 | വായ്പ/വായ്പ തിരിച്ചടവ് | 4(4) | |
| 5 | സ്ഥിരനിക്ഷേപങ്ങൾ | 4(5) | |
| 6 | ഓഡിറ്റ് റിക്കവറി | 4(6) | |
| 7 | സമാഹ്യത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം. | 4(7) | |
| 8 | ഓഡിറ്റ് പ്രത്യവലോകനം | 4(8) | |
| 9 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4(9) | |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

| | |
|---|---|
| 2015-16 ലെ ബജറ്റ് പാസ്സാക്കിയ നം./തിയ്യതി | 111/16, 04.03.2016 ( പുതുക്കിയത്) |
| തീരുമാനം നം.1 തിയതി, 28.3.2015 | പുതുക്കിയിട്ടില്ല |

## 1-2 വാർഷിക ധനകാര്യപത്രിക

| സാമ്പത്തിക വർഷം | ഓഡിറ്റിൽ ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2015-16 | 31.07.2016 | 29.8.16 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധം 1-ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുൻബാക്കി | 32727058 |
| വരവ് | 70311073 |
| ആകെ | 103038131 |
| ചെലവ് | 85294105 |
| നീക്കിബാക്കി | 17744026 |

## 1-5 ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)

| ഫണ്ടിനം | മുൻ ബാക്കി | മറ്റ് ഫണ്ടുകളിൽ നിന്നും പിൻവലിച്ച് നിക്ഷേപിച്ച തുക | അലോട്ട്മെന്റ് പ്രകാരമുള്ള വരവ് | ആകെ | ചെലവ് | ട്രാൻസ്ഫർ ക്രെഡിറ്റ് | 40 (b) പ്രകാരം നീക്കിയിരുപ്പ് |
|---|---|---|---|---|---|---|---|
| വികസന ഫണ്ട് പൊതു വിഭാഗം | 2547336 | 7350348 | 16675187 | 26572871 | 17024835 | 9548036* | 0 |
| വികസന ഫണ്ട് ടി എസ് പി | 0 | | 76000 | 76000 | 65000 | 11000* | 0 |
| വികസന ഫണ്ട് എസ്.സി.പി | 2002485 | | | | | | 0 |
| | | | 10752000 | 12754485 | 10039445 | 2715040* | 0 |
| സംരക്ഷണ ഗ്രാന്റ് നോൺറോഡ് | 1397826 | | 5214000 | 6611826 | 5750133 | 861693* | 0 |
| സംരക്ഷണ ഗ്രാന്റ്റോഡ് | | | | | | | 0 |
| | 139366 | | 16068000 | 16207366 | 16050580 | 156786* | 0 |
| 14-ാം ധന കാര്യ കമ്മീഷൻ ഗ്രാന്റ് | | | | | | 148505* | 0 |
| | 2349849 | | 9261174 | 11611023 | 9066279 | 2396239** | 0 |
| പെർഫോമൻസ് ഗ്രാന്റ് | | | | | | 294984* | 0 |
| | 6153609 | | 4954109 | 11107718 | 5858625 | 4954109** | 0 |

**(*)** സർക്കാരിലേക്ക് തിരികെ അടച്ചത്.

(**) വി.പി.എഫ്.എ 2 വിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തത്.

ബഡ്ജറ്റ് അലോക്കേഷൻ പ്രകാരം ലഭ്യമായ തുക മുഴുവനായി വിനിയോഗിക്കാത്തതു മൂലം ₹.13736044/- ലാപ്സാവുകയും സർക്കാരിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്.

# 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | നടപ്പാക്കിയത് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|
| 227 | 197 | 13 | 17 | 85.90% |

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 8 | 6 | 7547758 | 7279524 | 96.05 |
| വെറ്ററിനറി സർജൻ | 4 | 4 | 2395000 | 1950000 | 81.42 |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | 4 | 4 | 424000 | 397445 | 93.74 |
| മെഡിക്കൽ ഓഫീസർ, ഹോമിയോ | 1 | 1 | 100000 | 100000 | 100 |
| മെഡിക്കൽ ഓഫീസർ, ആയുർവേദം | 2 | 2 | 450000 | 449450 | 99.88 |
| വി.ഇ.ഒ. | 8 | 6 | 8167500 | 3005000 | 36.80 |
| എൽ.വി.ഇ.ഒ. | | | | | |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 3 | 3 | 3922250 | 3714594 | 94.71 |
| സെക്രട്ടറി | 20 | 15 | 7759643 | 6678735 | 86.01 |
| പ്രധാനാദ്ധ്യാപിക | 7 | 7 | 1334419 | 1157022 | 86.71 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 161 | 142 | 50275034 | 44690142 | 88.9 |
| അസിസ്റ്റന്റ്സെക്രട്ടറി | 9 | 7 | 7072250 | 5119241 | 72.34 |

പൂർത്തിയാക്കാതെ ഉപേക്ഷിച്ച പദ്ധതികൾ

1)തെരുവ് വിളക്ക് മാറ്റി സിഎഫ്എൽ സ്ഥാപിക്കൽ(21/16)

2)ഇട്ടുക്കാവ് കനാൽബണ്ട് വലതുഭാഗം റോഡ്(100/16)

3)ചിറ്റ കോമുട്ടിക്കുളമ്പ് റോഡ് മെറ്റലിംഗ്(132/16)

4)കളവപ്പാടം കാളാശ്ശേരിക്കളം റോഡ്(133/16)

5)കൊട്ടേക്കാട് തററോഡ് മെറ്റലിംഗ് ടാറിംഗ്((230/16)

## 1-7 തനത് വരുമാനം.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | %(+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 4176875 | 2686907 | 1489968 | (-)35.67% |
| നികുതിയേതര വരവുകൾ | 204412 | 116477 | 87935 | (-)43.01% |
| മറ്റ് വരവുകൾ | 877040 | 877822 | 782 | (+)0.09% |
| ആകെ | 5258327 | 3681206 | 1578685 | (-)30.02% |

## 1-8 സാമൂഹ്യക്ഷേമ പദ്ധതി മുഖേനയുള്ള നിർവ്വഹണത്തിലെ കാര്യപ്രാപ്തി

| ക്രമ നം. | പദ്ധതി | 2015-16 ൽ ലഭിച്ച അപേക്ഷകൾ | നിശ്ചിത ദിവസത്തിനകം തീരുമാന മെടുത്തവ | നിരസിച്ചവ | കാലതാമസ മുണ്ടെങ്കിൽ പരിഹാര മാർഗ്ഗം. |
|---|---|---|---|---|---|
| 1 | കർഷക തൊഴിലാളി പെൻഷൻ | 73 | 62 | 11 | |
| 2 | തൊഴിൽ രഹിത വേതനം | 21 | 15 | 6 | |
| 3 | വിധവാ പെൻഷൻ | 104 | 96 | 8 | |
| 4 | വികലാംഗ പെൻഷൻ | 30 | 28 | 2 | |
| 5 | അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 6 | 6 | 0 | |
| 6 | വാർദ്ധക്യകാല പെൻഷൻ | 597 | 572 | 25 | |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 11.11.2016ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. 10860 രൂപ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിൻെറ വിവരം

| ക്രമ നം | ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയ്യതി | ഗുരുതരമായ ഓഡിറ്റ് പരാമർശങ്ങൾ |
|---|---|---|---|---|---|
| 1 | പെർഫോമൻസ് ഓഡിറ്റ് | 11.11.2016 | 10/2016 | ലഭിച്ചിട്ടില്ല | ഇല്ല |
| 2 | അക്കൗണ്ടൻറ് ജനറലിൻെറ ഓഡിറ്റ് | 12.5.2008 to 26.5.2008 | 1997-98 to 2007-08 | 8.7.2008 | |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വസ്തുനികുതി ഡിമാന്റ് അരിയർ ഡിമാന്റ് രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിക്കുന്നില്ല.

വസ്തുനികുതി ഡിമാന്റ് സഞ്ചയ സോഫ്റ്റ് വയറുമായി ബന്ധിപ്പിച്ചിട്ടുണ്ടെങ്കിലും 31.3.16 തീയതിയിലെ ഡിമാന്റ്, അരിയർ തുകകൾ വ്യക്തമാക്കുന്നതിന് വസ്തുനികുതി ഡിമാന്റ്, അരിയർ ഡിമാന്റ് രജിസ്റ്ററുകൾ പ്രിന്റ് എടുത്ത് സൂക്ഷിച്ചിട്ടില്ല. തയ്യാറാക്കിയ വാർഷിക സംക്ഷിപ്തം വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

## 2-2 ഡി& ഒ ലൈസൻസ് ഫീസ് -വാർഡ് തിരിച്ചുള്ള ട്രേഡേഴ്സ് ലിസ്റ്റ് സൂക്ഷിച്ചിട്ടില്ല

കിഴക്കഞ്ചേരി ഗ്രാമപഞ്ചായത്തിൽ ഓഡിറ്റ് കാലയളവിൽ പ്രവർത്തിച്ചിരുന്ന സ്ഥാപനങ്ങളുടെ വിവരങ്ങൾ കണ്ടെത്തി വാർഡുതിരിച്ചുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ലാത്തതിനാൽ ലൈസൻസില്ലാതെ ഏതെങ്കിലും സ്ഥാപനം പ്രവർത്തിക്കുന്നുണ്ടോയെന്ന് ഉറപ്പുവരുത്തുക ദുഷ്കരമാണ്. സ്വമേധയാ ലൈസൻസിന് അപേക്ഷിച്ച് വരുന്നവരിൽ നിന്നു മാത്രം ഫീസ് ഈടാക്കി ലൈസൻസ് അനുവദിക്കുന്ന സമ്പ്രദായമാണ് അനുവർത്തിച്ചു പോരുന്നത്. ഡി& ഒ ലൈസൻസ് കുടിശ്ശിക തൻവർഷം ഈടാക്കിയതായും കാണുന്നു.

കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 232(1) പ്രകാരം ഗ്രാമ പഞ്ചായത്തു നൽകുന്ന ലൈസൻസില്ലാതെയും, ലൈസൻസിലെ നിബന്ധനകൾക്ക വിരുദ്ധമായും പഞ്ചായത്തിലെ യാതൊരു സ്ഥലവും ഉപയോഗിക്കുവാൻ പാടില്ല. ഈ വ്യവസ്ഥ പ്രകാരം ഫീൽഡ് പരിശോധന നടത്തി വാർഡുതിരിച്ചുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള മുഴുവൻ വ്യാപാരസ്ഥാപനങ്ങൾക്കും നോട്ടീസ് നൽകി എല്ലാ സ്ഥാപനങ്ങളെയും ലൈസൻസ് ഫീസ് പരിധിയിൽ കൊണ്ടുവരേണ്ടതാണ്.

അപേക്ഷകളിൽ നിത്യേനയുള്ള വിറ്റുവരവ് രേഖപ്പെടുത്തുന്നില്ല. കൂടാതെ അന്വേഷണ റിപ്പോർട്ട് ഇല്ലാതെയാണ് മിക്ക ലൈസൻസുകളും അനുവദിച്ചിട്ടുള്ളത്.

## 2-3 റെഗുലറൈസേഷൻ ഫീസ് ഈടാക്കിയതിൽ കുറവ്

കെട്ടിടനിർമാണം റെഗുലറൈസ് ചെയ്യുന്ന സാഹചര്യങ്ങളിൽ പെർമിറ്റ് ഫീസിനോടൊപ്പം രണ്ടിരട്ടി തുക ഈടാക്കേണ്ടതാണെന്ന് 2011ലെ കേരളാ പഞ്ചായത്ത് രാജ് കെട്ടിടനിർമാണ ചട്ടങ്ങളിലെ ചട്ടം -137(2) ൽ വ്യക്തമാക്കിയിട്ടുള്ളതാണ്. തസ്വഭവ(ആർ ഡി) വകുപ്പിന്റെ 11.11.15തീയതിയിലെ നം. 229813/RD2/15 കത്ത് പ്രകാരം പെർമിറ്റ് ഫീസിനോടൊപ്പം രാജിയാക്കൽ ഫീസായി പെർമിറ്റ്ഫീസിന്റെ രണ്ടിരട്ടികൂടി ഈടാക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുള്ളതാണ്. എന്നാൽ ഈ നിബന്ധന പാലിക്കാതെയാണ് കിഴക്കഞ്ചേരി ഗ്രാമപഞ്ചായത്തിൽ 2015-16 വർഷത്തിൽ ഫീസ് ഈടാക്കിയിട്ടുള്ളത്.

| ക്രമ നം. | പെർമിറ്റ് നം. | ഉടമയുടെ പേര് | കെട്ടിടത്തിന്റെ തരം | വിസ്തൃതി (M2) | ഈടാക്കിയ ഫീസ് | ഈടാക്കേണ്ട ഫീസ് | കുറവ് | രസീതി നം. |
|---|---|---|---|---|---|---|---|---|
| 1 | 3950 /15, 4.6.15 | വി.ഡി.ജോർജ്, വടക്കേൽ ഹൗസ് | കൊമേഴ്സ്യൽ | 169.20 | 1720 | 2538 | 818 | 1180 /4.6.15 |
| 1 | 3293/ 15, 8.5.15 | ഇസമയിൽ, ചേരംപാടം, മൂലംകോട് | റസിഡൻഷ്യൽ | 122.95 | 746 | 1107 | 361 | 802/ 7.5.15 |
| 2 | 3730/ 15, 25.5.15 | റോസമ്മജോർജ്, പാറശ്ശേരി | റസിഡൻഷ്യൽ | 135.83 | 836 | 1222 | 386 | 1024 /25.5.15 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 3 | 3369 /15, 27.5.15 | ടി.പി.തോമസ്, താന്നിക്കോട്ടിൽ, പന്തലാംപാടം | കൊമേഴ്സ്യൽ | 204 | 2060 | 3060 | 1000 | 1047 /27.5.15 |
| 4 | 4384 /15, 22.6.15 | സോയി സെബാസ്റ്റ്യൻ, കയ്യനാനിക്കൽ | കൊമേഴ്സ്യൽ | 207.48 | 2100 | 3112 | 1012 | 1396 /20.6.15 |
| 5 | 5141 /15, 19.8.15 | ജോസഫ് വർഗീസ്, കണ്ടംപറമ്പിൽ | റസിഡ ൻഷ്യൽ | 223.29 | 1364 | 2010 | 646 | 2210 /11.9.15 |
| 6 | 36 | വിനോദ്, വടക്കത്തറ, കിഴക്കഞ്ചേരി | റസിഡ ൻഷ്യൽ | 135.23 | 836 | 1217 | 381 | 1967/18.8.15 |
| 7 | 50 | അബ്ദുൾ മനാഫ്, മനമൻസിൽ | റസിഡ ൻഷ്യൽ | 150.89 | 480 | 1358 | 878 | 3620 /22.1.16 |
| 8 | 51 | ബൈജു, പാലക്കുഴി | റസിഡ ൻഷ്യൽ | 115 | 690 | 1035 | 345 | 3473/6.1.16 |
| 9 | 52 | പ്രശാന്ത്, തച്ചോളിൽവീട്, മന്നാർക്കുളമ്പ് | റസിഡ ൻഷ്യൽ | 115 | 690 | 1035 | 345 | 3404/29.12.15 |
| 10 | 56 | രാഘവനുണ്ണി, നായർകുന്ന്, കിഴക്കഞ്ചേരി | റസിഡ ൻഷ്യൽ | 168.62 | 1014 | 1518 | 504 | 3702/1.2.16 |
| 11 | 58 | കുട്ടിസുലൈമാൻ, കുളക്കംപാടം | റസിഡ ൻഷ്യൽ | 202.7 | 1210 | 1824 | 614 | 3629/23.1.16 |
| 12 | 61 | വിനോദ്, കാളത്തോട്ടം | റസിഡ ൻഷ്യൽ | 164.95 | 1092 | 1485 | 393 | 11604100408 /26.4.16 |
| 13 | 62 | സെബാസ്റ്റ്യൻ, താഴത്ത് വരിക്കയിൽ | റസിഡ ൻഷ്യൽ | 386.3 | 2322 | 3476 | 1154 | 3880/17.2.16 |
| 14 | 65 | ജി.വാസു, കോപ്പത്തുവീട്, കരുമനശ്ശേരി | റസിഡ ൻഷ്യൽ | 105 | 630 | 945 | 315 | 4579/29.3.16 |
| ആകെ കുറവ് | | | | | | | 9152 | |

## **2-4** പാർപ്പിടാവശ്യത്തിനായി വസ്തുനികുതി നിർണയിച്ചിട്ടുള്ള കെട്ടിടങ്ങൾ വ്യാവസായികാവശ്യത്തിന് ഉപയോഗിക്കുന്നു.

പാർപ്പിടാവശ്യത്തിനായി വസ്തുനികുതി നിർണയിച്ചിട്ടുള്ള താഴെപ്പറയുന്ന കെട്ടിടങ്ങളിൽ വ്യാവസായികാവശ്യത്തിനുള്ള കെട്ടിടങ്ങൾ പ്രവർത്തിക്കുന്നതായി കാണുന്നു

| കെട്ടിടനം. | ലൈസൻസിയുടെ പേര് | ഡി&ഒ ക്രമ നം. | ഉപയോഗം | ഉടമയുടെ പേര് | റിമാർക്സ് |
|---|---|---|---|---|---|
| 3/562 | പി.എ.ഹനീഫ, പുന്നപ്പാടം | 191 | സ്റ്റേഷനറികട | പി.എ.ഹനീഫ, പുന്നപ്പാടം | 8m2 വിസ്തൃതിയുള്ള കെട്ടിടം വസ്തുനികുതി ഇല്ല |
| 2/389 | ടി.എ.വിജയ കുമാരൻ. വലിയകോരത്ത് | 179 | ആയുർവേദ ഹെയർ ഓയിൽ വിൽപന | ശങ്കരൻ, മമ്പാട്ട് തറ | 56.73m2 വിസ്തൃതിയുള്ള കെട്ടിടം വസ്തുനികുതി-12 രൂപ |
| 16/573 | ബൈജു.സി.പി, ചുണ്ടക്കോട്ടിൽ, വാൽക്കുളമ്പ് | 166 | പേപ്പർ ബോക്സ് പാക്കേജിംഗ് | അബിൻ എൽദോ ബാബു, വാൽക്കുളമ്പ് | 55.25m2 വിസ്തൃതിയുള്ള കെട്ടിടം വസ്തുനികുതി-28 രൂപ |
| 21/699 | ഗോവിന്ദൻകുട്ടി, കരുമനശ്ശേരി | 158 | പലചരക്ക് കട | ഗോവിന്ദൻകുട്ടി, കരുമനശ്ശേരി | 9.34m2 വിസ്തൃതിയുള്ള കെട്ടിടം, നികുതി ഒഴിവാക്കപ്പെട്ട കെട്ടിടം |
| 9/448 | തോമസ്.ടി.വി, തൈമറ്റത്തിൽ, അമ്പിട്ടൻതരിശ് | 135 | പലചരക്ക് കട | തോമസ് തൈമറ്റത്തിൽ, അമ്പിട്ടൻതരിശ് | 63m2 വിസ്തൃതിയുള്ള കെട്ടിടം വസ്തുനികുതി ഇല്ല |
| 19/560 | മനോജ്.ആർ, കിഴക്കഞ്ചേരി ഗ്രാമം | 132 | ഭക്ഷ്യഎണ്ണ വിതരണം | ബാബു, വേറുങ്കോട് | 38m2 വിസ്തൃതിയുള്ള കെട്ടിടം വസ്തുനികുതി- രൂപ |
| 6/305 | രേഖ അനീഷ്, കുരപ്പിള്ളി | 126 | അച്ചാർ യൂണിറ്റ് | ദിവാകരൻ, പാറക്കൽ | 56m2 വിസ്തൃതിയുള്ള കെട്ടിടം വസ്തുനികുതി- |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | രൂപ |

ഗാർഹികാടിസ്ഥാനത്തിലുള്ള വസ്തുനികുതി നിരക്ക് മീറ്റർ സ്ക്വയറിന് 5 രൂപ പ്രകാരവും വ്യാവസായികാടിസ്ഥാനത്തിലുള്ള കെട്ടിടങ്ങൾക്ക് 40,50, 60 എന്നീ നിരക്കിലുമാണ് വസ്തുനികുതി നിശ്ചയിച്ചിരിക്കുന്നത്. മേൽപ്പറഞ്ഞ കെട്ടിടങ്ങളുടെ വസ്തുനികുതി വ്യാവസായികാടിസ്ഥാനത്തിൽ കണക്കാക്കി ഈടാക്കേണ്ടതാണ്.

## 2-5 കൊമേഴ്സ്യൽ ബിൽഡിംഗുകളുടെ ഷട്ടറുകൾക്ക് ഷട്ടർ ഫീസ് ഈടാക്കുന്നില്ല

2011-ലെ കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 11(3), പട്ടിക II പ്രകാരം വില്ലേജ് പഞ്ചായത്ത് കാറ്റഗറി II ൽ ഉൾപ്പെട്ട കെട്ടിടങ്ങളിലെ ഷട്ടറുകൾക്ക് ഓരോന്നിനും 100 രൂപ പെർമിറ്റ് ഫീ നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ താഴെ പറയുന്ന വ്യക്തികളുടെ ഫയൽ പരിശോധിച്ചപ്പോൾ പ്ലാനിൽ കാണിച്ചിട്ടുള്ള ഷട്ടറുകൾക്ക് പെർമിറ്റ് ഫീസ് ഈടാക്കിയിട്ടില്ലെന്ന് കണ്ടെത്തി. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ഉടമസ്ഥൻ | കെട്ടിട ഇനം | പെർമിറ്റ് നമ്പർ/ തിയതി | ഷട്ടറുകളുടെ എണ്ണം | ഈടാക്കേണ്ട തുക |
|---|---|---|---|---|
| സോബിയ ബിനു.സി&ബിന്ദു മാർക്കോസ്,തെക്കുംപടിയിൽ | വാണിജ്യം | 5793/17, 20.8.15 | 6 | 600 |
| വി.എസ്.അബൂബക്കർ,കുണ്ടുകാട് | വാണിജ്യം | 635/16, 18.3.16 | 5 | 500 |
| വർഗീസ്.എ.കെ, വാൽക്കുളമ്പ്,കോരഞ്ചിറ | വാണിജ്യം | 1462/16, 17.3.16 | 3 | 300 |
| ബിജുമാത്യു, ചിലമ്പിക്കുന്നേൽ വീട്, ഇളവംപാടം | വാണിജ്യം | റെഗുലറൈസേഷൻ ഫീസ് രസീതി നം.4352/15.3.16 | 2 | 200 |
| പ്രസിഡന്റ്/സെക്രട്ടറി,മമ്പാട് മുസ്ലീം ജമാ അത്ത് പള്ളി | വാണിജ്യം | 5154/15, 15.7.15 | 4 | 400 |
| സിജുജോസഫ്,കണ്ടംപറമ്പിൽ | വാണിജ്യം | Regularisation 40/13.11.15 | 2 | 200 |
| സുധീർ.കെ,ഗീതാലയം, തിരുവറ | വാണിജ്യം | 9675/ 31.10.15 | 3 | 300 |
| ആകെ | | | | 2500 |

തുക കുറവായി ഈടാക്കിയതുമൂലമുള്ള നഷ്ടം ഈടാക്കേണ്ടതാണ്.

## 2-6 തൊഴിൽനികുതി പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

1)തൊഴിൽനികുതി- വ്യാപാര സ്ഥാപനങ്ങൾ റിട്ടേണുകൾ സമർപ്പിക്കുന്നില്ല .

1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 10, (ഫോം 6) പ്രകാരമുള്ള നോട്ടീസ് വ്യാപാര സ്ഥാപനങ്ങൾക്ക് നൽകുകയോ, വ്യാപാര സ്ഥാപനങ്ങൾ ഫോം 4 ൽ റിട്ടേണുകൾ സമർപ്പിക്കുകയോ ചെയ്യുിട്ടില്ല. വ്യാപാരസ്ഥാപനങ്ങൾക്ക് ഡി & ഒ ലൈസൻസ് അപേക്ഷയിൽ കാണിക്കുന്ന വിറ്റുവരവിന്റെ അടിസ്ഥാനത്തിൽ ഉടമയിൽ നിന്നു മാത്രമാണ് നികുതി ചുമത്തുന്നത്. ഇക്കാരണത്താൽ ഓരോ സ്ഥാപനത്തിലും എത്ര പേർ ജോലി ചെയ്യുന്നുണ്ടെന്ന് പഞ്ചായത്തിന് അറിയാൻ സാധിക്കുന്നില്ല, കൂടാതെ അവരിൽ നിന്നെല്ലാം ലഭ്യമാകുമായിരുന്ന നികുതി തുക നഷ്ടപ്പെടുകയും ചെയ്യുന്നു. വ്യപാരസ്ഥാപനങ്ങളിലെ എല്ലാ ജീവനക്കാരെയും തൊഴിൽനികുതി പരിധിയിൽ കൊണ്ടുവരുന്നതിന് ഡിമാന്റ് നോട്ടീസ് നൽകി നികുതി ഈടാക്കുവാൻ ശ്രമിക്കേണ്ടതാണ്.

2) വ്യാപാരസ്ഥാപനങ്ങളുടെ ലിസ്റ്റ് തയ്യാറാക്കിയിട്ടില്ലാത്തതിനാൽ ഏതെങ്കിലും സ്ഥാപനങ്ങളിൽ നിന്നും തൊഴിൽനികുതി ഈടാക്കുവാൻ വിട്ടുപോയിട്ടുണ്ടോയെന്ന് ഉറപ്പുവരുത്തുവാൻ കഴിയുന്നില്ല. ഡി&ഒ ലൈസൻസിന് അപേക്ഷിക്കുന്നവരിൽ നിന്നു മാത്രം തൊഴിൽനികുതി കൂടി ഈടാക്കുന്ന പ്രവണതയാണ് നിലനിൽക്കുന്നത്.

# 2-7 ആവശ്യമായ നിരാക്ഷേപ സർട്ടിഫിക്കറ്റുകളുടെ അഭാവത്തിൽ ഡി&ഒ ലൈസൻസ് നൽകി

അപകടകരവും ആപത്കരവുമായ വ്യവസായസ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിക്കുന്നതിനുമുമ്പായി ഹാജരാക്കേണ്ട നിരാക്ഷേപ സാക്ഷ്യപത്രങ്ങൾ ഹാജരാക്കാതെ ലൈസൻസ് അനുവദിച്ചതായി കാണുന്നു. മിക്ക അപേക്ഷകളിലും അപേക്ഷയോടൊപ്പം യാതൊരു രേഖകളും സൂക്ഷിച്ചിട്ടില്ല. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| അപേക്ഷാ നം. | പേര് | കച്ചവടസ്ഥാപനം | റിമാർക്സ് |
|---|---|---|---|
| 96 | സെക്രട്ടറി | മമ്പാട്ട് ക്ഷീരോൽപാദക സഹ.സംഘം | സാനിട്ടറി സർട്ടിഫിക്കറ്റ് ഇല്ല |
| 87 | കെ.വി രവികുമാർ, കുണ്ടുകാട് | ഹോട്ടൽ | സാനിട്ടറി സർട്ടിഫിക്കറ്റ് ഇല്ല |
| 20 | അരവിന്ദാക്ഷൻ, കുണ്ടുകാട് | സോമിൽ | ഫോറസ്റ്റ് എൻഒസി ഇല്ല |
| 21 | വി.ഇസറഫുദീൻ, ചന്തപ്പുര | സോമിൽ | ഫോറസ്റ്റ് എൻഒസി ഇല്ല |
| 156 | ഡെലിൻ ഡാനി, കോരഞ്ചിറ | കാറ്ററിംഗ് | സാനിട്ടറി സർട്ടിഫിക്കറ്റ് ഇല്ല |

| | | | |
|---|---|---|---|
| 78 | സെക്രട്ടറി | ചെറുകുന്നം ക്ഷീരോൽപാദക സഹ.സംഘം | സാനിട്ടറി സർട്ടിഫിക്കറ്റ് ഇല്ല |
| 177 | ലെറിൻ ലാസർ, പതിയാൻ ഹൗസ്, കണിയമംഗലം | ബേക്കറി | സാനിട്ടറി സർട്ടിഫിക്കറ്റ് ഇല്ല |

മേൽപ്പറഞ്ഞവ കൂടാതെ നിരവധി സ്ഥാപനങ്ങൾ സാനിട്ടറി സർട്ടിഫിക്കറ്റുകളില്ലാതെയാണ് ഓഡിറ്റ് വർഷത്തിൽ പ്രവർത്തിച്ചിട്ടുള്ളത്.

നിരാക്ഷേപ സാക്ഷ്യപത്രങ്ങൾ ലഭ്യമാക്കാതെ ലൈസൻസ് അനുവദിക്കുന്ന പ്രവണത ഒഴിവാക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 2015-2016 സാമ്പത്തിക വർഷത്തിൽ ഹെഡ് മാസ്റ്റർ നിർവ്വഹിച്ച പ്രൊജക്ടുകൾ- രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല- 77000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| ക്രമ നം | പ്രൊജ. നം | പ്രൊജക്ടിന്റെ പേര് | അടങ്കൽ | ചെലവ് തുക, ബിൽ നം, തീയ്യതി | ഹാജരാക്കേണ്ട രേഖകൾ |
|---|---|---|---|---|---|
| 2 | 14/16 | പത്താം തരം തുല്യതാ പഠനം | 77000 രൂപ | **139200** രൂപ<br>പദ്ധതി ഫണ്ട്<br>77000 രൂപ<br>നം 07/16<br>തീ. 21.03.16<br>ഗുണഭോക്തൃ വിഹിതം<br>46200 രൂപ | (1)ഗുണഭോക്തൃ വിഹിതം പിരിച്ചത് സംബന്ധിച്ച രശീതികൾ, ടി തുക പഞ്ചായത്തിലൊടുക്കിയതിന്റെ രേഖകൾ.<br>(2) ഗുണഭോക്താക്കളുടെ ഹാജർ സംബന്ധിച്ച രേഖകൾ<br>(3) ഗുണഭോക്താക്കൾ പരീക്ഷയ്ക്ക് ഹാജരായതിന്റെ / പരീക്ഷ പാസ്സായതിന്റെ സാക്ഷ്യപത്രം. |

മേൽ പറഞ്ഞ ആധികാരിക രേഖകൾ ഹാജരാക്കുന്നതിനു വിധേയമായി ചെലവു തുക വികസന ഫണ്ടിലെ 77000 രൂപയുടെ ചെലവു ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-2 പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കണം

വെറ്ററിനറി സർജൻ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി പ്രകാരം (പ്രൊജ. നം 106/16) വികസന ഫണ്ടിൽ നിന്നും 312500 രൂപ പിൻവലിച്ച് (ബിൽ നമ്പർ 02/16 തീയ്യതി 26.08.15) പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി അസി. ഡയറക്ടർ, പാലക്കാടിന് നൽകിയിട്ടുണ്ട്. പദ്ധതി നർവ്വഹണം തീരുന്ന മുറയ്ക്ക് തുകയുടെ വിനിയോഗ സാക്ഷ്യ പത്രം ലഭ്യമാക്കി ഓഡിറ്റിനു സമർപ്പിക്കേണ്ടതാണ്.

## 3-3 തൊഴുത്ത് നിർമാണം- വെറ്ററിനറി സർജൻ നടപ്പിലാക്കിയ പദ്ധതി- സബ്സിഡി മാർഗ്ഗ നിർദ്ദേശങ്ങൾപാലിക്കുന്നുവെന്നുറപ്പു വരുത്തണം.

പ്രൊജ നം 105/16

പ്രൊജക്ടിന്റെ പേര് – തൊഴുത്ത് നിർമാണം

അടങ്കൽ - 250000/- രൂപ (വികസന ഫണ്ട്)

ചെലവ് – 160000/- രൂപ (ബിൽ നമ്പർ 03/16 തീയ്യതി 03.03.16)

തെരഞ്ഞെടുക്കപ്പെട്ട 16 പേർക്ക് 10,000 രൂപ വീതം തൊഴുത്ത് നിർമാണത്തിന് ധനസഹായം നൽകിയ പ്രൊജക്ടാണിത്. പ്രൊജക്ടിന്റെ നടത്തിപ്പിൽ താഴെ പറയുന്ന അപാകതകൾ സംഭവിച്ചിട്ടുണ്ട്.

1. 1. 1. പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി മാർഗ്ഗ രേഖ സർക്കാർ ഉത്തരവ് ( കയ്യെഴുത്ത്) 362/ 13 ത.സ്വ.ഭ.വ തീ. 16.11.13 -ലെ ഖണ്ഡിക 3.2.7 പ്രകാരം തൊഴുത്ത് നിർമാണത്തിന് സബ്സിഡിയനുവദിക്കുമ്പോൾ, കഴിഞ്ഞ 10 വർഷത്തിനുള്ളിൽ ഇതേ സർവ്വേ നമ്പറിൽ, ഇതേ പുരയിടത്തിൽ തൊഴുത്ത് നിർമിക്കുന്നതിന് ധനസഹായം നൽകിയിട്ടില്ല എന്ന് വെറ്ററിനറി സർജൻ സാക്ഷ്യപ്പെടുത്തണം.
   2. ധനസഹായം നൽകുന്നതിനു മുമ്പ് നിർമാണവുമായി ബന്ധപ്പെട്ട് എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കണം.

എന്നാൽ മേൽ നിബന്ധനകൾ പാലിച്ചിട്ടില്ല. മാത്രമല്ല, സാങ്കേതികദ്യോഗസ്ഥൻ നൽകിയ സാക്ഷ്യ പത്രങ്ങൾ പ്രകാരം ധനസഹായം അനുവദിച്ച 10 ഗുണഭോക്താക്കൾക്കും ഒരേ തുക (20000 രൂപ)യാണ് ചെലവു വന്നിരിക്കുന്നത്. 10000 രൂപ ധനസഹായം നൽകുന്നതിനു വേണ്ടി മാത്രം തയ്യാറാക്കിയ ഒരു വാല്യുവേഷന്റെ പകർപ്പുകളിൽ ഗുണഭോക്താക്കളുടെ പേരും വിലാസവും മാത്രം മാറ്റി രേഖപ്പെടുത്തിയാണ് സമർപ്പിക്കപ്പെട്ടിട്ടുള്ളതെന്ന് മനസ്സിലാകുന്നു. ഭൂപ്രകൃതി നിർമാണത്തിനുപയോഗിക്കുന്ന സ്ഥലത്തിന്റെ സ്വഭാവം, നിർമാണ സാമഗ്രികളുടെ കടത്തുകൂലി

എന്നിവയിൽ വ്യത്യാസം വരാവുന്നതും ആയത് കാരണം ഓരോരുത്തർക്കും വരുന്ന ആകെ ചെലവിലും വ്യത്യാസം വരാമെന്നിരിക്കെ , ഒരേ മൂല്യനിർണ്ണയ സാക്ഷ്യപത്രങ്ങൾ വിശ്വസനീയമല്ല.

പദ്ധതി നിർവ്വഹണത്തിൽ സുതാര്യതയും, അർഹരായ വ്യക്തികൾക്ക് മാത്രം ധനസഹായം ലഭിക്കുന്നുവെന്നും ആയത് ദുരുപയോഗം ചെയ്യുന്നില്ലെന്നും ഉറപ്പ് വരുത്തുന്നതിനു വേണ്ടിയാണ് സമഗ്രമായ സബ്സിഡി മാർഗ്ഗരേഖയിൽ വിവിധ ഉപാധികൾ നിഷ്കർഷി ക്കുന്നത്. ആയതിനാൽ മേൽ പറഞ്ഞ നിബന്ധനകൾ പാലിക്കപ്പെടുന്നുവെന്നും യഥാർത്ഥ രേഖകളാണ് സമർപ്പിക്കപ്പെടു ന്നത് എന്നും നിർവ്വഹണോദ്യോഗസ്ഥൻ ഉറപ്പു വരുത്തേണ്ടതാണ്.

## 3-4 അസി.സെക്രട്ടറി നടപ്പിലാക്കിയ വിവിധ പദ്ധതികൾ- വിനിയോഗ സാക്ഷ്യ പത്രം ഹാജരാക്കണം.

2015-2016 സാമ്പത്തിക വർഷത്തിൽ അസി. സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിനു വേണ്ടി വിവിധ ഏജൻസികൾക്കു തുക കൈമാറിയതിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | പ്രൊജക്ട് നമ്പർ | പ്രജക്ടിന്റെ പേര് | കൈമാറിയ തുക(ബിൽ നമ്പർ , തീയ്യതി സഹിതം) | തുക സ്വീകരിച്ച ഏജൻസി |
|---|---|---|---|---|
| 1 | 111/16 | IAY അധിക വിഹിതം ( എസ്.സി) | 1200000 02/16 തീയ്യതി- 30.07.15 | ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി, ആലത്തൂർ |
| 2 | 220/16 | ടി | (1) ബിൽ നമ്പർ 06/16 തീയ്യതി- 29.01.16 50666 രൂപ (2)ബിൽനമ്പർ 08/16 തീ.29.03.16 14334 രൂപ | |
| 3 | 219/16 | മേലെ വെട്ടിക്കൽ കോളനി കുടിവെള്ള പദ്ധതി- ലൈൻ ദീർഘിപ്പിക്കൽ | 67000 രൂപ (ബിൽ നമ്പർ 03/16 തീ. 19.09.15 | അസി. എഞ്ചിനീയർ KSEB കിഴക്കഞ്ചേരി |

പദ്ധതികൾ നടപ്പിലാക്കുന്നതിനു വേണ്ടി മേൽ പറഞ്ഞ ഏജൻസികൾക്ക് കൈമാറിയ തുകകളുടെ

വിനിയോഗ സാക്ഷ്യ പത്രം ലഭ്യമാക്കി ഓഡിറ്റിനു ഹാജരാക്കേണ്ടതാണ്.

## 3-5 ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ പദ്ധതി- നാളിതുവരെ മരുന്നുകൾ, ലഭ്യമായിട്ടില്ല

നിർവഹണോദ്യഗസ്ഥൻ-മെഡിക്കൽ ഓഫീസർ, ഹോമിയോ

പ്രൊജക്ട് നം.- 70/15

2015-16 വർഷത്തിൽ ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ എന്ന പദ്ധതിയിൽ മരുന്നുകൾ വാങ്ങുന്നതിനു വേണ്ടി ബിൽനം. 1/25.2.16 പ്രകാരം 100000/- രൂപ പിൻവലിച്ച് ഡി.ഡി.നം. 150336/26.2.16 പ്രകാരം (പ്രൊഫോർമ ഇൻവോയ്സ് നം. PF.1113/11.1.2016) ഹോംകോയ്ക്ക് നൽകിയിട്ടുണ്ട്. എന്നാൽ മരുന്നുകൾ നാളിതുവരെയും ലഭ്യമായിട്ടില്ല. മരുന്നുകൾ ലഭ്യമാവാത്തതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 4/17.11.2016ന് പലതവണ ഫോണിൽ ആവശ്യപ്പെട്ടിട്ടുണ്ടെങ്കിലും മരുന്നുകൾ ലഭ്യമാക്കിയിട്ടില്ല എന്ന് നിർവഹണ ഉദ്യോഗസ്ഥൻ മറുപടി നൽകിയിട്ടുണ്ട്. മരുന്ന് എത്രയും പെട്ടെന്ന് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതും ലഭ്യമായതിനുശേഷം ബില്ലുകളും സ്റ്റോക്കും പരിശോധനക്ക് ഹാജരാക്കേണ്ടതുമാണ്.

## 3-6 മീഡിയാശ്രീ- കുടുംബശ്രീ മിഷന് കൈമാറിയത് 65000 രൂപ- പ്രൊജക്ട് ലക്ഷ്യംപൂർത്തീകരിച്ചിട്ടില്ല.

മീഡിയാശ്രീ പദ്ധതി നടപ്പിലാക്കുന്നതിനു വേണ്ടി - അസി. സെക്രട്ടറി നിർവ്വഹണോദ്യോസ്ഥനായി പ്ലാൻ ഫണ്ടിൽ നിന്നും 65000 രൂപ പിൻവലിച്ച് കുടുംബശ്രീ മിഷൻ കോ-ഓർഡിനേറ്റർക്ക് കൈമാറിയിട്ടുണ്ട്. പ്രൊജക്ടിന്റെ ഭാഗമായ ചിത്രീകരണ നടപടികൾ പൂർത്തിയാക്കിയതായി പഞ്ചായത്ത് പറയുന്നു. എന്നാൽ നാളിതുവരെ യാതൊരു രേഖകളും പഞ്ചായത്തിന് കൈമാറിയിട്ടില്ല. ലക്ഷ്യം പൂർത്തിയാക്കാതെ , പ്രൊജക്ടിനു വേണ്ടി കൈമാറിയ തുക പാഴ്ച്ചെലവായി അവശേഷിക്കുന്നു.

## 3-7 വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്

താഴെ പറയുന്ന പദ്ധതി നടത്തിപ്പിനു വേണ്ടി നൽകിയ തുകകളുടെ വിനിയോഗ സാക്ഷ്യപത്രം പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

| ക്രമ നം. | പ്രൊജക്ട് നം., പേര് | ട്രഷറി ബിൽ നം., തുക | തുക നൽകിയ ഡി.ഡി.നം., തിയതി | തുക നൽകിയ സ്ഥാപനം |
|---|---|---|---|---|
| 1 | 27/15-16<br>ഐ.എ.വൈ.അധിക വിഹിതം | 8/19.8.15– ₹.740000/- | 621316/20.8.15 | ബ്ലോക്ക് ഡെവലപ്പ്മെന്റ് ഓഫീസർ, ആലത്തൂർ |

| | | | | |
|---|---|---|---|---|
| 2 | 242/15-16<br>ഐ.എ.വൈ. ഭവന പദ്ധതി | 32/31.3.16 - ₹.460000/- | 852501/4.4.16 | ബ്ലോക്ക് ഡെവലപ്പ്മെന്റ് ഓഫീസർ, ആലത്തൂർ |
| 3 | 243/15-16<br>ഐ.എ.വൈ.ഭവന പദ്ധതി (എസ്.സി.പി) | 31/31.3.16 - ₹.775093/- | 852503/4.4.16 | ബ്ലോക്ക് ഡെവലപ്പ്മെന്റ് ഓഫീസർ, ആലത്തൂർ |

## **3-8** പാലിയേറ്റീവ് പരിചരണം പദ്ധതി - മരുന്നുകൾ ലഭ്യമായിട്ടില്ല.

നിർവഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ, പി.എച്ച്.സി.

2015-16 വർഷത്തിൽ താഴെ പറയുന്ന പദ്ധതികളിൽ മരുന്നുകൾ വാങ്ങുന്നതിനു വേണ്ടി കാരുണ്യ മെഡിക്കൽ സർവീസസ് കോർപ്പറേഷൻ, തിരുവനന്തപുരത്തിന് തുക നൽകിയിട്ടുണ്ട്. എന്നാൽ മരുന്നുകൾ നാളിതുവരെയും ലഭ്യമായിട്ടില്ല. വിശദ വിവരം താഴെ കൊടുക്കുന്നു.

| പ്രൊജക്ട് നം., പേര് | ട്രഷറി ബിൽ നം. /തിയതി | KMSCL-നു നൽകിയ ഡി.ഡി.നം./തിയതി | പ്രൊഫോർമ ഇൻവോയ്സ് നം/ തിയതി |
|---|---|---|---|
| 64/16<br>പാലിയേറ്റീവ് പരിചരണം | 12/30.3.16 | ഡി.ഡി.നം. 852346/31.3.16- ₹. 27600/- | PRF.4206/ 23.3.16 |
| 69/10<br>മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് മരുന്ന് വാങ്ങൽ (മാർഗ്ഗ ദീപ്തി) | 11/29.3.16 | ഡി.ഡി.നം.<br>852216/30.3.16<br>- ₹. 40000/- | PRF.4228/ 23.3.16 |

മരുന്നുകൾ ലഭ്യമാവാത്തതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 5/17.11.2016ന് പലതവണ ആവശ്യപ്പെട്ടിട്ടുണ്ടെങ്കിലും മരുന്നുകൾ ലഭ്യമാക്കിയിട്ടില്ല എന്ന് നിർവഹണ ഉദ്യോഗസ്ഥൻ മറുപടി നൽകിയിട്ടുണ്ട്. മരുന്ന് എത്രയും പെട്ടെന്ന് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതും ലഭ്യമായതിനുശേഷം ബില്ലുകളും സ്റ്റോക്കും പരിശോധനക്ക് ഹാജരാക്കേണ്ടതുമാണ്.

## 3-9 ആശ്രയ പദ്ധതിഅവലോകനം

സമൂഹത്തിലെ നിരാലംബരും നിരാശ്രയരുമായ കുടുംബങ്ങളെ സാമൂഹിക, സാമ്പത്തിക പിന്നോക്കാവസ്ഥയിൽ നിന്ന് കരകയറ്റുന്നതി നായിട്ടുള്ള കേരള സർക്കാരിന്റെ പദ്ധതിയാണ് ആശ്രയ. ജി.ഒ.(എം.എസ്)നം.71/2003/പ്ലാനിംഗ്/12.11.2003 അനുസരിച്ചാണ് ആശ്രയ പദ്ധതി ആദ്യമായി ആരംഭിച്ചത്. തുടർന്ന് വിവിധ ഉത്തരവുകളിൽ ഈ പദ്ധതിയ്ക്ക് സമൂലമായ മാറ്റങ്ങൾ വരുത്തുകയുണ്ടായി. സ.ഉ(എം എസ്)നം.362/2013/ത.സ്വ.ഭ.വ. തി. 16.11.2013 പ്രകാരം അയൽക്കൂട്ടങ്ങൾ അഗതി കുടുംബങ്ങളെ കണ്ടെത്തുകയും, അപ്രകാരം കണ്ടെത്തുന്ന അഗതി കുടുംബങ്ങളുടെ നിലനിൽപിനും, സാമൂഹ്യമായ മുന്നേറ്റങ്ങൾക്കും വേണ്ടി ആശ്രയ എന്ന പ്രൊജക്ട് തയ്യാറാക്കിയിരിക്കണം.

കിഴക്കഞ്ചേരി ഗ്രാമപഞ്ചായത്തിൽ സർവ്വേയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ വിവരങ്ങൾ അനുസരിച്ച് അഗതി കുടുംബങ്ങളുടെ ആവശ്യകതകൾ സംബന്ധിച്ച് താഴെപ്പറയും പ്രകാരം പ്രൊജക്ട് തയ്യാറാക്കിയിട്ടുണ്ട്. ഇതിന്റെ സംക്ഷിപ്തം താഴെ കൊടുക്കുന്നു.

| ക്രമ നം. | ഇനം | ആവശ്യമുള്ളത് | | ലഭ്യമാക്കിയത് | |
|---|---|---|---|---|---|
| | | 1 ാം ഘട്ടം | 2 ാം ഘട്ടം | 1 ാം ഘട്ടം | 2 ാം ഘട്ടം |
| 1 | വീട് | 55 | 12 | 20 | 0 |
| 2 | ഭൂമി | 27 | 7 | 5 | 0 |
| 3 | വീട് റിപ്പയർ | 20 | 20 | 20 | 5 |
| 4 | കുടിവെള്ളം | 0 | 0 | 0 | 0 |
| 5 | കക്കൂസ് | 76 | 47 | 76 | 47 |
| 6 | വൈദ്യുതി | 76 | 13 | 76 | 0 |

സ.ഉ(എം എസ്) 362/2013 തസ്വഭവ തി. 16.11.2013 അനുബന്ധം 14 ഖ. 6.7 (i) അനുസരിച്ച് ഭൂരഹിതരായ എല്ലാ അഗതി കുടുംബങ്ങൾക്കും വീട് വെക്കുന്നതിന് ഭൂമി വാങ്ങി നൽകിയതിന്

ശേഷം മാത്രമേ ദാരിദ്ര്യ രേഖക്ക് താഴെയുള്ള മറ്റ് കുടുംബങ്ങൾക്ക് ഈ ആവശ്യത്തിന് ഭൂമി നൽകാൻ പാടുള്ളൂ. ഇതേ ഉത്തരവിലെ അനുബന്ധം 14 ഖ. 6.8 (i) അനുസരിച്ച് ഭവന രഹിതരും, ആവശ്യത്തിന് ഭൂമി ഉള്ളവരുമായ എല്ലാ അഗതി കുടുംബങ്ങൾക്കും ഭവന നിർമ്മാണ ധനസഹായം മുൻഗണനയുടെ അടിസ്ഥാനത്തിൽ നൽകണം. അതിന് ശേഷം മാത്രമേ ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള മറ്റ് കുടുംബങ്ങൾക്ക് വീട് നൽകാൻ പാടുള്ളൂ. അനുബന്ധം 14 ഖ. 6.8(ii) അനുസരിച്ച് അഗതി കുടുംബങ്ങളുടെ ഭവന നിർമ്മാണം അയൽക്കൂട്ടങ്ങളെ ഏൽപ്പിക്കണം.

ആശ്രയ പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ 98 ഗുണഭോക്താക്കളും രണ്ടാം ഘട്ടത്തിൽ 183 ഗുണഭോക്താക്കളും ഉൾപ്പെടെ ആകെ 281 അഗതികളാണ് ലിസ്റ്റിൽ ഉള്ളത്. ആശ്രയ പദ്ധതി തുടങ്ങി ഇതുവരെയായി മേൽ പറഞ്ഞ ആനുകൂല്യങ്ങൾ ആണ് നൽകിയിട്ടുള്ളത്. ഗ്രാമപഞ്ചായത്ത് ആശ്രയ പദ്ധതിയ്ക്കുള്ള വിഹിതം പരിമിതമായി മാത്രമാണ് അനുവദിച്ചിട്ടുള്ളത്. ചാലഞ്ച് ഫണ്ട് ഉപയോഗിച്ചുള്ള പദ്ധതി നടത്തിപ്പ് തുടർന്നുവരുന്നുണ്ട്. ആശ്രയ ഗുണഭോക്താക്കളുടെ സമഗ്ര ഉന്നമനത്തിനുള്ള പദ്ധതികൾ ആവിഷ്കരിക്കുകയും നടപ്പാക്കുകയും ചെയ്യേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്,നം | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 432000 | ഉഴവ് കൂലി | 432000 | 0 |
| ടി | 280000 | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനോപകരണം | 280000 | 0 |
| ജില്ലാ പഞ്ചായത്ത് | 770444 | ഉഴവ് കൂലി | 720000 | 50444 |
| സംസ്ഥാനവിഹിതം | 3125000 | കന്നുകുട്ടി പരിപാലനം | 3125000 | 0 |

## 4-2 നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ/ചെക്ക് നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ബാക്കി തുക |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| KWA | മേലെ വെട്ടിക്കൽ കോളനി കുടിവെള്ള പദ്ധതി | | 670000 | 670000 | 0 |
| കുടുംബശ്രീ മിഷൻ | മീഡിയ ശ്രീ | | 65000 | 65000 | 0 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിയ്ക്കാൻ അവശേഷിക്കുന്നത്

ഇല്ല.

## 4-4 വായ്പ

(i)വായ്പ/വിനിയോഗം/വീഴ്ചകൾ എന്നിവയുടെ വിവരം.

ഇല്ല

(ii) വായ്പ തിരിച്ചടവിന്റെ വിവരം.

| ക്രമ നം. | വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം. /തിയ്യതി | വായ്പ തുക | തിരിച്ചട യ്ക്കാനുള്ള മുൻബാക്കി | തൻവർഷം അടച്ചത് | | വർഷാവസാന ബാക്കി |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| 1 | EMS ലോൺ | GO(MS957/10 /LSGD dt.20.3.10 | 30018000 | 10021462 | 3250000 | | 6771462 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം 11636 രൂപ ഈടാക്കിയിട്ടുണ്ട്.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ 1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം, ഖണ്ഡിക നം | സമാഹൃത റിപ്പോർട്ട് വർഷം, ഖണ്ഡിക | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|

| | | | |
|---|---|---|---|
| | നം | | |
| 2006-07 | 2009/10, 3-7.5(1) | 1999ൽ 5 ലക്ഷം രൂപ ചെലവഴിച്ച് നിർമിച്ച് പിട്ടുക്കാരിക്കുളമ്പ് ജലസംഭരണിയുടെ തുടർപ്രവർത്തനം141000 രൂപ ചെലവഴിച്ച പദ്ധതി ഭൗതികലക്ഷ്യം കൈവരിച്ചിട്ടില്ല | ജലവിതരണം സാദ്ധ്യമായി. ഭൗതികലക്ഷ്യം കൈവരിച്ച |
| 2006-07 | 2009/10, 3-8.10(1) | 2 ഭവനനിർമാണ പദ്ധതി-പദ്ധതിവിഹിതം 860000 രൂപ പ്രൈമറി അഗ്രി.കോ.ഓപ്പറേറ്റീവ് ബാങ്കിൽ നൽകിയത് ക്രമപ്രകാരമല്ല.വിനിയോഗ സർട്ടിഫിക്കറ്റ് സംബന്ധിച്ച് | പദ്ധതിവിഹിതം പൂർണമായി ചെലവഴിച്ച.വിനിയോഗ സർട്ടിഫിക്കറ്റ് ലഭ്യമായിട്ടുണ്ട്. |

# 4-8 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 103038131 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 85294105 |
| വരവിനങ്ങളിലുള്ള നഷ്ടം | 11652 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | --- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 77000 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിൻെറ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നത് | സർചാർജ്ജ് ചെയ്യാവുന്നത് | |
| 2-3 | 9152 | | 4604-ടി.കണ്ണൻ, സെക്രട്ടറി<br>4548 -കെ.രാധിക, സെക്രട്ടറി ഇൻ ചാർജ് |
| 2-5 | 2500 | | 1500- ടി.കണ്ണൻ, സെക്രട്ടറി<br>1000- കെ.രാധിക, സെക്രട്ടറി ഇൻ ചാർജ് |

| | | | |
|---|---|---|---|
| ആകെ | 11652 | | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെപേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 77000 | ചിന്നമ്മ, പ്രധാനാദ്ധ്യാപിക,GLPS, കിഴക്കഞ്ചേരി |
| ആകെ | 77000 | |

സി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിൻെറ വിവരം

ഒന്നുമില്ല

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഒന്നുമില്ല

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം

മേൽവിലാസങ്ങൾ

ഒന്നുമില്ല

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 1996-97 | LFP.10/220/03/26.06.03 | FR |
| 1997-98 | LFP.10/41/04/10.02.04 | “ |
| 1998-99 | LFP.10/794/10/27.01.11 | “ |
| 1999-2000 | LFP.10/795/10/27.01.11 | “ |

| | | |
|---|---|---|
| 2000-2001 | LFP.10/823/10/04.05.11 | “ |
| 2001-2002 | LFP.10/922/10/18.05.11 | “ |
| 2002-2003 | LFP.10/796/10/18.01.11 | “ |
| 2003-2004 | LFP.10/797/10/18.01.11 | “ |
| 2004-2005 | LFP.10/799/10/18.01.11 | “ |
| 2005-2006 | LFP.10/800/10/11.01.11 | “ |
| 2006-2007 | LFP.10/801/10/05.02.11 | “ |
| 2007-2008 | LFP.10/1942/12/04.12.12 | “ |
| 2008-2009 | LFP.10/1801(1)/12/21.01.13 | “ |
| 2009-10 & 10-11 | LF.P10.1267/14/8.8.14 | ഓഡിറ്റ് റിപ്പോർട്ട് |
| 2011-12 | LF.P10.1992/14/4.12.14 | ഓഡിറ്റ് റിപ്പോർട്ട് |
| 2012-13,13-14 & 14-15 | KSA.PKD.10/1595/15/9.2.2016 | ഓഡിറ്റ് റിപ്പോർട്ട് |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.

# അനുബന്ധം1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ-പികെഡി10-2301/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,പാലക്കാട്

ഫോൺ - 04912420145

e-mail – dopkd.ksad@kerala.gov.in

തിയതി -28 -12 -2016

### ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ്, ബന്ധപ്പെട്ട ചട്ടങ്ങൾ ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കൺട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും പാലക്കാട് ജില്ലയിലെ കിഴക്കഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സാക്ഷപത്രത്തിൽ അന്യത്ര ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കിഴക്കഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2015-16 ലെ വാർഷിക ധനകാര്യപത്രിക, വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

### അപാകതകളുടെ സംക്ഷിപ്തം

1. ആസ്തിമൂല്യം തിട്ടപ്പെടുത്തി സാഖ്യയുമായി ബന്ധിപ്പിച്ചിട്ടില്ല.
2. വാർഷിക ധനകാര്യപത്രികയിൽ രേഖപ്പെടുത്തിയ വസ്തുനികുതി കുടിശ്ശിക തുകകളും തൻ വർഷ നീക്കിയരിപ്പ് തുകകളും ഡി.സി.ബി സ്റ്റേറ്റ്മെന്റ്, സഞ്ചയ സോഫ്റ്റ് വെയർ എന്നിവയിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.

ഡെപ്യൂട്ടി ഡയറക്ടർ

No. KSA-PKD-10-2301/2016

Kerala State Audit Department

District Audit Office,Palakkad

Date -28 -12 -2016

## Audit Certificate

Certified that I have audited the Annual Financial Statement of KIZHAKKENCHERY Gramapanchayat in Palakkad District for the year ended on 31-3-2016 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of KIZHAKKENCHERY Gramapanchayat for the year 2015-16 except the observations attached with this certificate properly presents the picture of income and expenditure.

Deputy Director

## Abstract of Defects

1) Asset values not ascertained and linked with Sankhya.

2)The figures shown as the arrear & current balance of property tax (2015-16) inAFS, are not in agreement with the figures shown in DCB statement and Sanchaya Software.

Deputy Director